**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1717** **05-07-2022 - ൽ മറുപടിയ്ക്ക്**

**കേരള, കാലിക്കറ്റ്, എം.ജി., കണ്ണൂർ സർവ്വകലാശാലകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ഡോ സുജിത് വിജയൻപിള്ള** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കേരള, കാലിക്കറ്റ്, എം.ജി., കണ്ണൂർ സർവ്വകലാശാലകളിൽ നിലവിൽ പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയും വിദൂര വിദ്യാഭ്യാസ പദ്ധതി പ്രകാരവും പഠനം നടത്തിക്കൊണ്ടിരുന്ന വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | സംസ്ഥാനത്ത് കേരള, കാലിക്കറ്റ്, എം.ജി., കണ്ണൂർ സർവ്വകലാശാലകളിൽ നിലവിൽ പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയും വിദൂര വിദ്യാഭ്യാസ പദ്ധതി പ്രകാരവും പഠനം നടത്തിക്കൊണ്ടിരുന്ന വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | മതിയായ ബിരുദ-ബിരുദാനന്തര പഠന സൗകര്യങ്ങൾ ലഭ്യമല്ലാത്ത സംസ്ഥാനത്ത്, പ്രത്യേകിച്ച് വടക്കൻ കേരളത്തിലെ വിദ്യാർത്ഥികൾക്ക്, പ്രൈവറ്റ് രജിസ്ട്രേഷനും വിദൂര വിദ്യാഭ്യാസ പദ്ധതിയും വലിയതോതിൽ ഗുണം ചെയ്യുകയും സർവ്വകലാശാലകൾക്ക് സാമ്പത്തിക നേട്ടവും പ്രദാനം ചെയ്തിരുന്നതായ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തും ഇതര സംസ്ഥാന ങ്ങളിലും അന്തർദേശീയ തലത്തിലുമുള്ള ഉന്നത വിദ്യാഭ്യാസ സമ്പ്രദായങ്ങളെ അടിസ്ഥാനമാക്കി വിവിധ പഠന കോഴ്സുകൾ തയ്യാറാക്കി വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ആധുനിക സാങ്കേതിക ശാസ്ത്ര സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി പ്രായഭേദമന്യേ ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതോ അല്ലാത്തതോ ആയ ആളുകൾക്ക് അവയിൽ ബോധനം നൽകുകയും, പരീക്ഷയും മൂല്യനിർണ്ണ യവും നടത്തി സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം, ഗവേഷണ ബിരുദം അല്ലെങ്കിൽ മറ്റ് അക്കാദമിക ബഹുമതി എന്നിവ നൽകുകയും ചെയ്യുക, അതുവഴി പൊതു സമൂഹത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക, സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും വിവിധ മേഖലകളിലുള്ള വിഷയങ്ങളിൽ പഠനം നടത്തി അറിവ് നേടാനായി അവസരം ഒരുക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്കായി ശ്രീ നാരായണഗുരു ഓപ്പൺ സർവ്വക ലാശാല സ്ഥാപിതമായിട്ടുള്ളതാണ്.<br><br>2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റ്, വകുപ്പ് 47(2)-ൽ കേരള, കോഴിക്കോട്, മഹാത്മാഗാന്ധി, കണ്ണൂർ എന്നീ സർവ്വകലാശാലകളുടെ അധികാര പരിധിയിൽ |

| | | | |
|---|---|---|---|
| | | | ആയിരുന്ന വിദ്യാഭ്യാസം, തുടർവിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ അങ്ങനെയുള്ള സർവ്വകലാശാല കളിൽ നിന്നും മാറ്റിയും ഒഴിവാക്കിയും ഈ യൂണിവേഴ്സിറ്റിയിൽ നിക്ഷിപ്തമാക്കിയും അധികാര പരിധിയിൽ കൊണ്ടുവരേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | കേരള, കാലിക്കറ്റ് സർവ്വകലാശാലകളുടെ വിദൂരവിദ്യാഭ്യാസ കോഴ്സുകൾക്ക് യു.ജി.സി. 2021-22 മുതൽ അഞ്ചുവർഷത്തേയ്ക്ക് ഒരുമിച്ച് അംഗീകാരം നൽകിയിട്ടുണ്ടോ; | (സി) | കേരള, കാലിക്കറ്റ് സർവ്വകലാശാല കളുടെ വിദൂരവിദ്യാഭ്യാസ കോഴ്സുകൾക്ക് 2025-26-വരെ യു.ജി.സി.യുടെ അംഗീ കാരം ലഭിച്ചിട്ടുണ്ട്. |
| (ഡി) | നിലവിൽ കണ്ണൂർ, മഹാത്മാഗാന്ധി സർവ്വകലാശാലകളുടെ പ്രൈവറ്റ് രജിസ്ട്രേഷനും സംസ്ഥാനത്തെ ഇതര സർവ്വകലാശാലകൾ നടത്തുന്ന വിദൂരവിദ്യാഭ്യാസ പദ്ധതിയും തുടരുന്നതിന് പ്രത്യേക വിജ്ഞാപനം വഴി സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാ ശാലയിൽ യു.ജി.സി.യുടെ DEB ൽ നിന്നും 2022-23 അധ്യയന വർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ല എങ്കിൽ ഈ വർഷം വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റു സർവ്വകലാശാലകൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കേരള സർവ്വകലാശാല

കേരള സർവകലാശാല പ്രൈവറ്റ് രജിസ്ട്രേഷൻ വഴി നടത്തുന്ന കോഴ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. Hindi Language and Literature | 11. Philosophy |
| 2. Malayalam Language and Literature | 12. History |
| 3. English Language and Literature | 13. Islamic History |
| 4. Tamil Language and Literature | 14. Political Science |
| 5. Sanskrit General | 15. Economics |
| 6. Sanskrit Special | 16. B Com Taxation |
| 7. Afzal – Ul – Ulama | 17. B Com Cooperation |
| 8. Arabic Language and Literature | 18. B Com Additional Elective Cooperation |
| 9. Music | 19. BBA |
| 10. Sociology | |

വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Admission (Course Period) | Number of Candidates |
|---|---|
| 2019 (2020 – 22) | 10,954 |
| 2020 (2021 – 23) | 6,515 |
| 2021 (2022 – 24) | 5,896 |

TOTAL Enrollment - SDE ADMISSION 2021

| Sl. No. | UG-Programmes | Total Candidates Enrolled Successfully | Sl. No. | PG-Programmes | Total Candidates Enrolled Successfully |
|---|---|---|---|---|---|
| 1 | **B.A. Economics** | **120** | 11 | **M.A. Economics** | **206** |
| 2 | **B.A. English** | **455** | 12 | **M.A. English** | **473** |
| 3 | **B.A. Hindi** | **57** | 13 | **M.A. Hindi** | **99** |
| 4 | **B.A. History** | **675** | 14 | **M.A. History** | **280** |
| 5 | **B.A. Malayalam** | **321** | 15 | **M.A. Malayalam** | **259** |
| 6 | **B.A. Political Science** | **95** | 16 | **M.A. Political Science** | **90** |
| 7 | **B.A. Sociology** | **1041** | 17 | **M.A. Public Administration** | **170** |
| 8 | **B.Com** | **787** | 18 | **M.A. Sociology** | **296** |
| 9 | **BBA** | **192** | 19 | **M.Com - Finance** | **916** |
| 10 | **BLISc. .** | **208** | 20 | **M.Sc. Computer Science** | **46** |
| | | | 21 | **M.Sc. Mathematics** | **135** |
| | | | 22 | **MLISc. .** | **37** |
| | **TOTAL** | **3951** | | | **3007** |

| | | |
|---|---|---|
| **UG-Programmes** | **3951** | |
| **PG-Programmes** | **3007** | |
| **Total** | **6958** | |

**TOTAL Enrollment - SDE ADMISSION 2020**

| Sl. No | UG Programmes | Total Candidates Enrolled Successfully | Sl. No | PG Programme | Total Candidates Enrolled Successfully |
|---|---|---|---|---|---|
| 1 | B.A. Economics | 114 | 14 | M.A. Economics | 232 |
| 2 | B.A. English | 584 | 15 | M.A. English | 474 |
| 3 | B.A. Hindi | 46 | 16 | M.A. Hindi | 80 |
| 4 | B.A. History | 592 | 17 | M.A. History | 231 |
| 5 | B.A. Malayalam | 219 | 18 | M.A. Malayalam | 225 |
| 6 | B.A. Political Science | 101 | 19 | M.A. Political Science | 89 |
| 7 | B.A. Sociology | 763 | 20 | M.A. Public Administration | 152 |
| 8 | B.Com | 951 | 21 | M.A. Sociology | 289 |
| 9 | B.Sc. Computer Science | 84 | 22 | M.Com - Finance | 1030 |
| 10 | B.Sc. Mathematics | 43 | 23 | M.Sc. Computer Science | 112 |
| 11 | BBA . | 165 | 24 | M.Sc. Mathematics | 340 |
| 12 | BLISc. . | 155 | 25 | MBA . | 404 |
| 13 | Bachelor of Computer Application (BCA) | 158 | 26 | MLISc. . | 34 |
| **TOTAL** | | **3975** | **TOTAL** | | **3692** |

| | |
|---|---|
| **UG** | **3975** |
| **PG** | **3692** |
| **TOTAL** | **7667** |

എം.ജി സർവ്വകലാശാല

## UG COURSES

| Admission year | Course | Total Students |
|---|---|---|
| 2021 | B.A Arabic Language and Literature | 184 |
| | B.A Economics | 319 |
| | B.A English Language and Literature Model I | 485 |
| | B.A Hindi Language and Literature | 13 |
| | B.A History | 817 |
| | B.A Islamic History | 13 |
| | B.A Malayalam Language and Literature | 113 |
| | B.A Philosophy | 114 |
| | B.A Political Science | 60 |
| | B.A Sanskrit General | 1 |
| | B.A Sociology | 807 |
| | B.Com Travel & Tourism | 36 |
| | B.Com Co-Operation | 1406 |
| | B.Com Finance & Taxation | 1284 |

## PG COURSES

| Admission year | Course | Total Students |
|---|---|---|
| 2021 | M.A. Arabic | 139 |
| | M.A. Economics | 59 |
| | M.A. English | 188 |
| | M.A. Hindi | 13 |
| | M.A. History | 124 |
| | M.A. Islamic History | 1 |
| | M.A. Malayalam | 114 |
| | M.A. Philosophy | 7 |
| | M.A. Political Science | 25 |
| | M.A. Sanskrit General | 2 |
| | M.A. Sanskrit Special Vedanta | 1 |
| | M.A. Sociology | 136 |
| | MA Syriac | 53 |
| | MCom Finance and Taxation | 1146 |
| | MCom Management and Information Technology | 16 |
| | MCom Marketing and International Business | 38 |
| | MSc Mathematics | 43 |

**കണ്ണൂർ സർവ്വകലാശാല**

കണ്ണൂർ സർവ്വകലാശാലയിൽ പ്രൈവറ്റ് രജിസ്ട്രേഷൻ വഴി 2020-21 അധ്യായന വർഷം പ്രവേശനം നേടിയ അയ്യായിരത്താളം വിദ്യാർത്ഥികളും 2021-22 അധ്യയന വർഷം പ്രവേശനം നേടിയ ആറായിരത്തോളം വിദ്യാർത്ഥികളും നിലവിൽ പഠനം നടത്തുന്നുണ്ട്. B.A English, B.A History, B.A Economics, B.A Afsai Ul Ulama, B.A Political Sciences, B.A Malayalam, B.Com, BBA, M.A Arabic, M.A English, MA Economics, MA History, Afsal UL Ulama Preliminary എന്നീ കോഴ്സുകളാണ് നടത്തുന്നത്.

**കാലിക്കറ്റ് സർവ്വകലാശാല**

കാലിക്കറ്റ് സർവ്വകലാശാലയിൽ 2021-22 ൽ വിദൂര വിദ്യാഭ്യാസ വിഭാഗം വഴി പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ബിരുദം | - 30616, |
| ബിരുദാനന്തര ബിരുദം | - 1911 |
| ആകെ | - 32527 |

**സെക്ഷൻ ഓഫീസർ**